3. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനുകൾക്ക് ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

5. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തുകൊണ്ട് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിലൂടെ രജിസ്റ്റർ വാല്യങ്ങളിലെ വിവരങ്ങൾ നശിച്ചുപോകാതെ സംരക്ഷിക്കുവാനും ആധാരപ്പകർപ്പുകൾ അപേക്ഷകർക്ക് ഒട്ടും കാലതാമസം കൂടാതെ നൽകുവാനും കഴിയുന്നതാണ്.

6. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതലുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയം

244 (1278) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ; ആയതു എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച പരാതികളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ന്യായവില പുനർനിർണ്ണയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) വില കുറച്ച് ആധാരം രജിസ്റ്റർചെയ്ത കേസുകളിലുള്ള അപ്പീലുകൾ കാലതാമസമില്ലാതെ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എല്ലാ ജില്ലകളിലും ഭൂമിയുടെ ന്യായവില നിർണ്ണയ നടപടികൾ 6-3-2010-ൽ പൂർത്തിയായി. ആയത് 2010 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത കേസുകളിൽ കക്ഷികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ അതത് RDO സ്വീകരിച്ചുവരുന്നുണ്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനത്തിൽ, വില ചേർക്കാൻ വിട്ടുപോയ സർവ്വേ നമ്പരുകൾ, ഗവൺമെന്റ് പ്രോപ്പർട്ടി എന്ന് തെറ്റായി രേഖപ്പെടുത്തിയവ, ദേശവ്യത്യാസം, ബ്ലോക്ക് വ്യത്യാസം മുതലായ കേസുകളിൽ വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില നിർണ്ണയിച്ച് അപാകതകൾ പരിഹരിച്ച് ജില്ലാ കളക്ടർമാർ ഗസറ്റ് വിജ്ഞാപനം ചെയ്യുന്നുണ്ട്. പുതിയ സർവ്വേ സബ് ഡിവിഷൻ നമ്പരിന് ഫെയർ വാല്യൂ വിവരങ്ങൾ ആവശ്യമായി വരുന്നതിനാൽ ആയതിന്റെ അപേക്ഷകൾ പരിഗണിച്ച് ന്യായവില നിർണ്ണയിച്ച് നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സബ് കളക്ടർ/RDO സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച പരാതികളിൽ തീർപ്പു കൽപ്പിക്കാൻ കാലതാമസം നേരിടാറില്ല. ന്യായവില സംബന്ധിച്ച ലഭിക്കുന്ന പരാതിയിന്മേൽ വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം അർഹതയുള്ളവയിന്മേൽ RDO തീർപ്പ് കൽപ്പിച്ച് വരുന്നുണ്ട്. എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അങ്കമാലി വില്ലേജിലെ ഭൂമിയുടെ ന്യായവില നിർണ്ണയം സംബന്ധിച്ച് ധാരാളം അപ്പീലുകൾ ലഭിക്കുന്നതിനാൽ ആയത് തീർക്കുന്നതിന് ചെറിയ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് 17-3-2015-ന് ബഹു. റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു യോഗം ചേരുകയുണ്ടായി. യോഗതീരുമാനപ്രകാരം ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിലകുറച്ച് ആധാരം രജിസ്റ്റർ ചെയ്ത കേസുകളിൽ ജില്ലാ രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെമേൽ അപ്പീൽ കേൾക്കാനുള്ള അധികാരം കോടതികൾക്കാണ്. അതുകൊണ്ട് അപ്പീലുകൾ തീർപ്പാക്കാനുള്ള കാലതാമസം സംബന്ധിച്ച് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly